LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചാലക്കുടി നഗരസഭയിൽ ആകെ 2026 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 101 കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

രാത്രികാല വാസകേന്ദ്രങ്ങൾ

106 (1475) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

2014-15-ലെ ബഡ്ജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് നഗരപ്രദേശങ്ങളിൽ രാത്രികാല വാസകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കുവാനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2217-80-800-69 (P) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ നഗരസഭയിൽ നിന്നും മാത്രമാണ് പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് ലഭിച്ചത്. പ്രസ്തുത പ്രോജക്ട് 1 കോടി രൂപയ്ക്കുള്ളതായിരുന്നു. ആയതിനാൽ തൃശ്ശൂർ കോർപ്പറേഷന്റെ ടി പദ്ധതി അംഗീകരിച്ച് ഭരണാനുമതിയിൽ മാറ്റം വരുത്തി പദ്ധതി തുകയുടെ 50 ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് ആയത് അനുവദിക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഈ ഇനത്തിൽ 2014-15 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതിനാൽ 2015-16 വർഷത്തിൽ ചെലവഴിക്കാവുന്നതാണ്.

പാറ്റൂരിലെ ആവുതി മാൾ ഫ്ലാറ്റ് നിർമ്മാണം

107 (1476) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാറ്റൂരിലെ ആവുതി മാൾ ഫ്ലാറ്റ് നിർമ്മാണത്തിന് കോടതിയുടെ സ്റ്റേ ഉണ്ടായിരുന്നോ ; എങ്കിൽ വിശദമാക്കുമോ ;